MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION
( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07
KOTTAYAM DIOCESE

https://mjssakottayamdiocese.com
https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790

**No: KTYM/ D/ Academic / 12**

**Date : 10.06.2025**

# MJSSA കലോത്സവം 2025

## പ്ലസ് 1, പ്ലസ് 2 ( For Regular Students only)

# പ്രകൃതി സംരക്ഷണം വി. ഗ്രന്ഥാടിസ്ഥാനത്തിൽ

MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി
റവ.ഫാ.കെ.കെ.തോമസ് കറുകപ്പടിയിൽ,
റവ.ഫാ.കുര്യൻ മാത്യു വടക്കേപ്പറമ്പിൽ എന്നിവർ
തയ്യാറാക്കിയ പ്ലസ് വൺ, പ്ലസ്ടു വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ

---------------------------------------- ---

**Prepared By**



**Rev. Fr. K. K. Thomas Karukappadiyil**

**Priest**
**Jacobite Syrian Church, Kottayam Diocese**



**Rev. Fr. Kurian Mathew Vadakkeparambil**

**Assistant Vicar**
**St.Mary's Jacobite Syrian Cathedral Manarcad**

**ഓരോ വിഷയത്തെക്കുറിച്ചും നൽകിയിട്ടുള്ള രണ്ട് പ്രസംഗങ്ങളും കുട്ടികൾ വായിക്കുകയും, അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ ഈ PDF ൽ നൽകിയിട്ടുള്ള വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങളിൽ കൂടി ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ആമുഖത്തിൽ പ്രസംഗവുമായി ബന്ധപ്പെട്ട, വിഷയത്തിലേക്ക് നയിക്കുന്ന ഒരു ആനുകാലിക സംഭവവും ഉൾപ്പെടുത്തിയാൽ ഉചിതമാവും. ഓരോ വിഭാഗത്തിലും പ്രസംഗത്തിനുള്ള സമയക്രമീകരണവും മനസിലാക്കുക ( XI / XII – 5 Minutes )**

## പ്രസംഗം - 1

ത്രിയേക ദൈവത്തിന് സ്തുതി.

ഇന്ന് നമുക്ക് പ്രസംഗത്തിനായി ലഭിച്ചിരിക്കുന്ന വിഷയം ഏറെ കാലിക പ്രസക്തമായ ' പ്രകൃതി സംരക്ഷണം: വിശുദ്ധ ഗ്രന്ഥാടിസ്ഥാനത്തിൽ ' എന്നുള്ളതാണല്ലോ. അതിനെക്കുറിച്ച് എന്റെ ചില വിചിന്തനങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

ഒരു മനുഷ്യൻ തന്റെ ജീവിതത്തിൽ ഏറ്റവും ആഗ്രഹിക്കുന്ന ഒന്നാണല്ലോ സമാധാന നിറവുള്ള ജീവിതം. എന്നാൽ സമാധാനം ഒരു കിട്ടാക്കനി ആകുന്ന കാലത്താണല്ലോ നാം ഇപ്പോൾ ആയിരിക്കുന്നത്. മനുഷ്യന്റെ അന്വേഷണം ഈ വഴിയിൽ ലോകമെമ്പാടും നടത്തപ്പെടുമ്പോൾ, ക്രൈസ്തവദർശനം ഈ ദിശയിൽ കൃത്യമായ ബോധ്യം നമുക്ക് നൽകുന്നു.

ക്രൈസ്തവദർശനത്തിൽ സമാധാന നിറവുള്ള ജീവിതം ആഗ്രഹിക്കുന്നവർ **മൂന്നു തലത്തിലുള്ള ബന്ധം** സുദൃഢമാക്കേണ്ടതുണ്ട്. അതിൽ ഒന്നാമത്തേത് ദൈവ - മനുഷ്യ ബന്ധമാണ്. സൃഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ഈ ബന്ധത്തിന്റെ സുദൃഢത നിരന്തരം പരിശോധിക്കപ്പെടുകയും എവിടെയെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ യഥാസ്ഥാനപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം അത് സമാധാനനിറവുള്ള ജീവിതത്തിന് തടസ്സങ്ങൾ / പ്രതിബന്ധങ്ങൾ സൃഷ്ടിക്കും. രണ്ടാമത്തേതായി ശ്രദ്ധ വയ്ക്കേണ്ട മേഖല മനുഷ്യ - മനുഷ്യ ബന്ധമാണ്. സ്നേഹം, ക്ഷമ എന്നീ പുണ്യങ്ങൾ കൊണ്ട് ഈ മേഖലയെ ബലപ്പെടുത്തിയില്ലെങ്കിൽ സമാധാനം നഷ്ടപ്പെടും. മൂന്നാമത്തെ മേഖല **മനുഷ്യ - പ്രകൃതി ബന്ധമാണ്** ഈ മേഖലയിലെ വീഴ്ചയാണെന്ന് തോന്നുന്നു ഇന്ന് കാണുന്ന അസമാധാന സാഹചര്യങ്ങളിലേക്ക് നയിക്കുന്ന പ്രധാന ഘടകം. ഈ മേഖലയെ കുറിച്ചുള്ള അന്വേഷണമാണ് ഇന്ന് നൽകപ്പെട്ടിരിക്കുന്ന പ്രസംഗവിഷയം.

Kottayam Diocese Kottayam Diocese Kottayam Diocese

ദൈവം ഈ പ്രപഞ്ചത്തെ ആശ്ചര്യകരമാംവിധം സംവിധാനം ചെയ്തപ്പോൾ അതിന്റെ ശ്രേയസ്കരമായ നടത്തിപ്പിനായി മനുഷ്യന് നൽകിയ ഉത്തരവാദിത്വം **ആദ്യ പുസ്തകം രണ്ടാം അധ്യായം 15-ാം വാക്യത്തിൽ** നൽകിയിരിക്കുന്നത് നാം ഇങ്ങനെ വായിക്കുന്നു. "ദൈവമായ കർത്താവ് ആദാമിനെ കൂട്ടിക്കൊണ്ടുപോയി, തോട്ടത്തിൽ വേല ചെയ്യുവാനും അതിനെ സൂക്ഷിക്കുവാനുമായി തോട്ടത്തിൽ ആക്കി". ഈ വാക്യം മനുഷ്യവർഗ്ഗത്തിന് ആകെ ഒരു ഓർമ്മപ്പെടുത്തലാണ്. ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്നത് '

**stewardship** **ownership** ' ആണെന്നുള്ളത്. **കൈസര്യായിലെ വി.ബസേലിയോസ്** പറയുന്നു " വനങ്ങൾ വെട്ടിമാറ്റുന്ന ധനികൻ, ദൈവാലയത്തിൽ നിന്നും വിശുദ്ധ വഴിപാട് മോഷ്ടിക്കുന്ന കള്ളനെ പോലെയാണ് "

നമ്മുടെ **ഭാരത സംസ്കൃതിയും പ്രകൃതി സംരക്ഷണത്തെ** വളരെയേറെ വിലമതിക്കുന്ന ഒന്നാണ്. പുരാതന കൃതിയിലെ സംസ്കൃത ശ്ലോകം ഇങ്ങനെ കുറിക്കുന്നു

"യത്തേ ഭൂമേ വിഖനാമി
ക്ഷിപ്രം തദപി രോഹതു
മാ തേ മർമ്മ വിമൃഗ്വരി
മാ തേ ഹൃദയമർപ്പിതം"

( അഥർവവേദം )

**അർത്ഥം**: "ഹേ ഭൂമി, നിന്നിൽ നിന്ന് ഞാൻ എടുക്കുന്നതെന്തോ അത് വീണ്ടും മുളച്ചു വരട്ടെ. പാവനയായവളെ ഞാനൊരിക്കലും നിന്റെ മർമ്മങ്ങളെ, ഹൃദയങ്ങളെ പിളർക്കാതിരിക്കട്ടെ". ഈ ആദർശങ്ങളൊക്കെ നമുക്കിടയിൽ നിലകൊള്ളുമ്പോഴും പ്രകൃതിദുരന്തങ്ങൾ ഇടതടവില്ലാതെ ആവർത്തിക്കുമ്പോഴും മനുഷ്യരുടെ അവിവേകപരമായ ഇടപെടൽ പ്രപഞ്ചത്തെയും അതിന്റെ മനോഹാരിതയെയും അതിന്റെ സനിഗ്ദ്ധതയേയും തകർത്തു താറുമാറാക്കി കൊണ്ടിരിക്കുകയാണ്. മണ്ണും, ജലവും, വായുവും, അഗ്നിയും, ആകാശവും മലിനമാക്കപ്പെട്ടിരിക്കുന്നു.

Kottayam Diocese Kottayam Diocese Kottayam Diocese

ഈ സാഹചര്യത്തിൽ സമാധാന നിറമുള്ള ഒരു ജീവിതം ദൈവ- മനുഷ്യ, മനുഷ്യ - മനുഷ്യ, മനുഷ്യ - പ്രകൃതി ബന്ധങ്ങളെ ഊഷ്മളമാക്കി നിലനിർത്താൻ നമുക്ക് പരിശ്രമിക്കാം. **135-ാം സങ്കീർത്തനം** ഉൾപ്പെടെ ഒരുപാട് വേദഭാഗങ്ങൾ പ്രകൃതിയോടുള്ള ബന്ധത്തെ ഉദാത്തവൽക്കരിക്കുമ്പോൾ ആ ഉത്തരവാദിത്വം നമ്മുടെ ദർശനങ്ങളെ ക്രിയാത്മക പ്രവർത്തനങ്ങളാക്കി പ്രത്യാശ നിർഭരമായ ഭാവിയിലേക്ക് നമ്മെ ഏവരെയും വഴി നടത്തട്ടെ എന്ന് പ്രാർത്ഥിച്ച് നിർത്തുന്നു നമസ്കാരം .

നന്ദി നമസ്കാരം

---

## <u>പ്രസംഗം – 2</u>

ത്രിയേക ദൈവത്തിന് സ്തുതി.

ഇന്ന് നമുക്ക് പ്രസംഗത്തിനായി ലഭിച്ചിരിക്കുന്ന വിഷയം ' പ്രകൃതി സംരക്ഷണം: വിശുദ്ധ ഗ്രന്ഥാടിസ്ഥാനത്തിൽ ' എന്നുള്ളതാണല്ലോ. അതിനെക്കുറിച്ച് എന്റെ ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

പ്രകൃതി സംരക്ഷണം വിശുദ്ധ ഗ്രന്ഥത്തിൽ ധാരാളമായി നമുക്ക് കാണാൻ സാധിക്കും. പഴയ നിയമവും പുതിയ നിയമവും പ്രകൃതിയോട് ഇണങ്ങി ചേർന്നുള്ള വചനങ്ങൾ അല്ലെങ്കിൽ സുവിശേഷങ്ങൾ നൽകുന്നതായി കാണാൻ സാധിക്കും. ആദ്യപുസ്തകം തുടക്കം തന്നെ അങ്ങനെയുള്ള ഒരു വായനയിലൂടെയാണ് കടന്നു പോകുന്നത്. പിന്നീട് സുവിശേഷ ഭാഗങ്ങളിലും പ്രകൃതിയോട് ചേർന്ന് നിന്ന് ധാരാളം ഉദാഹരണങ്ങൾ എടുത്തു പറയുന്നതും കാണാം. *പ്രകൃതിയോട് ചേർന്ന് ജീവിക്കുന്ന മനുഷ്യനെയാണ് പഴയ നിയമത്തിലും പുതിയ നിയമത്തിലും നാം കാണുന്നത്.* അതിൽ നിന്നെല്ലാം പ്രകൃതിയോട് ഇണങ്ങിച്ചേർന്ന്, പ്രകൃതിയെ സംരക്ഷിച്ചു ജീവിക്കണമെന്നുള്ള ഒരു ഉദ്ബോധനം വേദപുസ്തകം വിശാല അർത്ഥത്തിൽ നമുക്ക് നൽകുന്നു.

ദൈവ സൃഷ്ടിയായ മനുഷ്യന്റെ ശരീരം തന്നെ പ്രകൃതിയിൽ നിന്നെടുത്ത് അവസാനം മരണശേഷം പ്രകൃതിയിലേക്ക് തന്നെ അവൻ ലയിച്ചുചേരുന്നതായി കാണാം. *ദൈവീക ക്രമീകരണം* അങ്ങനെയാണ്. അപ്പോൾ തന്നെ മനസ്സിലാക്കാം മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്ന് അഥവാ പ്രകൃതിയുടെ ഭാഗമായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ *പ്രകൃതി നിലനിൽക്കേണ്ടത് മനുഷ്യജീവിതത്തിന്റെ ആവശ്യമാണെന്ന്* നമുക്ക് അതിൽ നിന്നും കാണാം.

Kottayam Diocese Kottayam Diocese Kottayam Diocese

**ലേവ്യ പുസ്തകം ഇരുപത്തഞ്ചാം അദ്ധ്യായം** വായിക്കുമ്പോൾ ജൂബിലി വർഷത്തെ കുറിച്ച് പ്രസ്താവിക്കുന്നത് കാണുവാൻ സാധിക്കും. **ജൂബിലിവർഷം** ഭൂമി വെറുതെ ഇടുന്നതായി കാണുന്നു, അതായത് പ്രകൃതിയെ ചൂഷണം ചെയ്യാതെ പ്രകൃതിക്ക് ഒരു വിശ്രമം കൊടുക്കുന്ന അവസ്ഥ. അതോടൊപ്പം തന്നെ മറ്റു മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും ഒക്കെ വന്ന് പ്രകൃതി വിഭവങ്ങൾ അനുഭവിക്കുവാനും ഭൂമിയുടെ വിളവുകൾ എല്ലാവർക്കുമായിട്ട് കൊടുക്കാൻ ജൂബിലി വർഷം ഉപയോഗിക്കുന്നു. ഇതും പ്രകൃതി സംരക്ഷണത്തിന്റെ ഒരു ഭാഗമായി ഗ്രന്ഥാടിസ്ഥാനത്തിൽ പറയുവാൻ സാധിക്കും.

വേദപുസ്തകം നാം പരിശോധിച്ചാൽ പഴയനിയമത്തിൽ **ആദ്യപുസ്തകം ഒന്നാം അദ്ധ്യായത്തിൽ** സൃഷ്ടിയുടെ വിവരണമാണ്. ഓരോ ജീവജാലങ്ങളെയും സൂര്യനേയും ചന്ദ്രനെയും നക്ഷത്രങ്ങളെയും എല്ലാം സൃഷ്ടിക്കുന്നതായിട്ട് വായിക്കുന്നു. ഇതെല്ലാം സൃഷ്ടിച്ചൊടുവിൽ മനുഷ്യനെയും സൃഷ്ടിക്കുന്നു. മനുഷ്യനെ സൃഷ്ടിക്കുന്ന സൃഷ്ടിയുടെ വിവരണം പോലും ***പ്രകൃതിയിൽ നിന്ന് മണ്ണെടുത്ത്*** മനുഷ്യനെ സൃഷ്ടിക്കുന്നു. ദൈവം ജീവശ്വാസം കൊടുക്കുന്നു, അങ്ങനെ ആണും പെണ്ണും ആയി മനുഷ്യനെ സൃഷ്ടിക്കുന്നു. ഇത് മനുഷ്യനും പ്രകൃതിയും ആയിട്ടുള്ള ബന്ധത്തിന്റെ ഏറ്റവും വലിയ തെളിവാണ്. ഇങ്ങനെ പ്രകൃതിയിൽ നിന്നുതന്നെ മനുഷ്യന്റെ ശരീരത്തെ എടുത്ത് ദൈവത്തിന്റെ ശ്വാസം ഊതി അവനെ പ്രകൃതിയുടെ ഒരു ഭാഗമാക്കി ദൈവം ഈ ഭൂമിയിൽ ആകുന്നു എന്നുള്ള സത്യം നമുക്ക് വി.ഗ്രന്ഥത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. വീണ്ടും ദൈവം **ആദ്യപുസ്തകം രണ്ടാം അദ്ധ്യായം പതിനഞ്ചാം വാക്യത്തിൽ** തോട്ടത്തിൽ കൃഷി ചെയ്യുവാനും അഥവാ അധ്വാനിക്കുവാനും തോട്ടം

സൂക്ഷിക്കുവാനും മനുഷ്യനെ ഏൽപ്പിക്കുന്നു എന്നുള്ളത് നമുക്ക് കാണാം. "ദൈവമായ കർത്താവ് ആദാമിനെ കൂട്ടിക്കൊണ്ടുപോയി, തോട്ടത്തിൽ വേല ചെയ്യുവാനും അതിനെ സൂക്ഷിക്കുവാനുമായി തോട്ടത്തിൽ ആക്കി". അതിന്റെ അർത്ഥം പ്രകൃതിയെ സംരക്ഷിക്കണം എന്നുള്ള ഏറ്റവും വലിയ ഉപദേശമാണ്... നിർദ്ദേശമാണ്. ഇത് പ്രകൃതിയുമായിട്ട് ഇണങ്ങിചേർന്നേ മനുഷ്യനു ഈ ഭൂമിയിൽ ജീവിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ഈ ഭൂമിയിൽ നിന്ന് ലഭിക്കുന്നതായ അധ്വാനഫലമാണ് അവന്റെ ആഹാരമെന്നും പ്രകൃതിയെ സംരക്ഷിച്ച് ജീവിച്ചാൽ മാത്രമേ മനുഷ്യന്റെ നിലനിൽപ്പുള്ളുവെന്നുമൊക്കെ ഇതിൽ നിന്ന് നമുക്ക് പഠിക്കാൻ സാധിക്കും. ഈ കാലങ്ങളിലൊക്കെ ശാസ്ത്രീയമായ പഠനങ്ങളും നമുക്ക് ധാരാളം തെളിവുകൾ നൽകുന്നു. ഇങ്ങനെ പ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന ഒരു ജീവിതം പഴയനിയമ കാലങ്ങളിലെ വേദഭാഗങ്ങളിലൂടെ നാം വായിക്കുമ്പോൾ ധാരാളം തെളിവുകളോടെ നമുക്ക് കാണാൻ സാധിക്കും.

Kottayam Diocese Kottayam Diocese Kottayam Diocese

പിന്നീട് നാം പുതിയ നിയമത്തിലേക്ക് വരുമ്പോൾ **യേശുവിന്റെ പ്രസംഗങ്ങൾ** എല്ലാംതന്നെ പ്രകൃതിയുമായി ഇണങ്ങിചേർന്നുള്ളതായി കാണുന്നു. എന്റെ ശരീരമായിട്ട് *ഗോതമ്പപ്പത്തെയും* തന്റെ രക്തമായിട്ട് മുന്തിരിയിൽ നിന്ന് എടുക്കുന്ന *മുന്തിരിച്ചാറിനേയും* ദൈവം ലോകത്തിന് കാണിച്ചു കൊടുക്കുമ്പോൾ അത് പ്രകൃതിയുടെ ഏറ്റവും വലിയ ദാനമായി, മനുഷ്യന്റെ അധ്വാനത്തിന്റെ ഫലമായിട്ട് അതിനെ കാണുകയും അത് എല്ലാവരുമായി പങ്കുവെക്കണം എന്നുള്ളതായ പ്രകൃതിയുടെ ഏറ്റവും വലിയ നിയമമാണ്... അല്ലേൽ പ്രകൃതിയുടെ പഠിപ്പിക്കലാണ് യേശു അതിലൂടെ നമുക്ക് നൽകുന്നതന്നും സൂക്ഷ്മമായി പഠിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. പിന്നീട് യേശുവിന്റെ ഉപമകളിൽ (വിത്തുകളെ കുറിച്ചുള്ള ഉപമ) മനുഷ്യനും പ്രകൃതിയുമായി അല്ലെങ്കിൽ മനുഷ്യനും ഭൂമിയും ആയിട്ട് ഇടപെട്ട് ജീവിക്കുന്നത് സംബന്ധിച്ച്... അധ്വാനിക്കുന്ന മനുഷ്യനെ സംബന്ധിച്ചു .. ഇങ്ങനെ വിവിധതരത്തിൽ പ്രകൃതിയുമായി ബന്ധപ്പെട്ട നിരവധി ഉദാഹരണങ്ങളാണ് യേശു പറയുവാൻ ശ്രമിച്ചത്. ഗലീല തടാകം തന്നെ പ്രകൃതിയുടെ വലിയൊരു വരദാനമായിട്ട് നമുക്ക് സുവിശേഷം വായിക്കുമ്പോൾ ഒരു ചിത്രം പോലെ തെളിഞ്ഞു വരുന്നത് കാണാം. അവിടെ അധ്വാനിച്ച് ജീവിക്കുന്ന മനുഷ്യർ.. ശിഷ്യന്മാർ തന്നെ അതിൽ പെട്ടവരാണ്. ഇതിൽ നിന്നൊക്കെ പ്രകൃതി എത്ര മാത്രം മനുഷ്യജീവിതത്തിൽ ഇടപെട്ടിരുന്നു, പ്രകൃതിയെ സ്നേഹിച്ചു ജീവിക്കുന്ന മനുഷ്യനെയും മനുഷ്യർ പറഞ്ഞാൽ പ്രകൃതി കേൾക്കുന്നതായും കാണുന്നു. യേശുവിന്റെ വാക്കുകളിലൂടെ കാറ്റും കടലും ശാന്തമാകുന്നതിലൂടെയും നമുക്ക് മനസ്സിലാക്കാവുന്നത് മനുഷ്യനു അനുകൂലമായി പ്രകൃതി നീങ്ങുന്നു അല്ലെങ്കിൽ നീങ്ങിയിട്ടുണ്ട് എന്നുള്ളത് കൂടിയാണ്. പ്രതികൂലവും ആകും അനുകൂലവും ആകും . എന്നാൽ *അനുകൂലമായി മനുഷ്യജീവിതത്തിന് ഇണങ്ങുന്ന രീതിയിൽ മുന്നോട്ടു പോകും എന്നുള്ള ഒരു ചിന്ത കൂടി* കാറ്റും കടലും ശാന്തമായതിലൂടെ നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഇങ്ങനെ നിരവധിയായ അനുഭവങ്ങൾ പഴയ നിയമത്തിലും പുതിയ നിയമത്തിലും നമുക്ക് വി.ഗ്രന്ഥം കാട്ടിത്തരുന്നു.

നാമിന്ന് പഠിക്കുന്നതുപോലെ ശാസ്ത്രീയമായ ഒരു അറിവ് ഇല്ലായിരുന്ന കാലത്ത് പ്രകൃതിയെ സ്നേഹിച്ച് പ്രകൃതിയിൽ നിന്ന് ജീവിച്ച്, ജീവിതചക്രം

മുന്നോട്ടു കൊണ്ടുപോകുന്ന ഒരു മനുഷ്യസമൂഹത്തെ വിശുദ്ധ ഗ്രന്ഥത്തിൽ നമുക്ക് കാണാം. തീർച്ചയായിട്ടും അതിൽ നിന്ന് പ്രകൃതിയുടെ ഭാഗമായ മനുഷ്യൻ പ്രകൃതിയോട് ഇണങ്ങിചേർന്നു ജീവിക്കണം എന്നുള്ള ഒരു ഉദ്ബോധനം ഇന്നത്തെ തലമുറയ്ക്ക് കിട്ടുന്നതാണ്. ആധുനിക ശാസ്ത്രത്തിന്റെ പഠനങ്ങളും വിവരണങ്ങളുമൊക്കെ മനുഷ്യൻ കൂടുതൽ പ്രകൃതിയോട് ചേർന്ന് ജീവിക്കണമെന്ന് തന്നെയാണ്. എന്നാൽ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളിലൂടെ തന്നെ പ്രകൃതിയെ ചൂഷണം ചെയ്യുന്ന മറ്റൊരു പ്രതിഭാസവും നാം കാണുന്നു. ഇവിടെ ജീവനുണ്ടാകുവാനും സമൃദ്ധിയായി ജീവനുണ്ടാകുവാനും എന്നുള്ള ക്രിസ്തുവിന്റെ ആഹ്വാനം മനസ്സിലാക്കി **എല്ലാ മനുഷ്യരും എല്ലാ ജീവജാലങ്ങളും സമൃദ്ധമായി ജീവിക്കണം എന്നുള്ള ആ ദൈവീക കാഴ്ചപ്പാടോടെ** പ്രകൃതിയെ സ്നേഹിച്ച് സംരക്ഷിച്ചു മുന്നോട്ടു പോകാൻ നമുക്ക് സാധിക്കണം. ഏതായാലും ഈയൊരു വിഷയം ഈ കാലങ്ങളിൽ കൂടുതൽ പഠിക്കുകയും ചർച്ചചെയ്യുകയും അതിനനുസരിച്ച് നമ്മുടെ പ്രവർത്തനങ്ങൾ പ്രകൃതിയെ സംരക്ഷിച്ചു മുന്നോട്ടു കൊണ്ടുപോകുന്നതുമായി തീരുവാൻ സാധ്യമാവട്ടെ.

നന്ദി നമസ്കാരം

https://mjssakottayamdiocese.com/kalolsavam

--------------------------------------- ---

**പ്രസംഗവിഷയവുമായി ബന്ധപ്പെട്ട് വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ ഇതൊടൊപ്പം നൽകുന്നു. ഇതിൽ നിന്നും ഉചിതമായ വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം കുട്ടികളുടെ രീതിയിൽ പുനർക്രമീകരിക്കുക.**

- **ആവർത്തനം 20: 19,20**

" വൃക്ഷങ്ങളുടെ ഫലം നിനക്കു തിന്നാവുന്നതാകയാൽ അവയെ വെട്ടിക്കളയരുത്; നീ പറമ്പിലെ വൃക്ഷത്തോടു പോരാടുവാൻ അതു മനുഷ്യനാണോ? ഭക്ഷ്യങ്ങളായ ഫലങ്ങളുള്ള വൃക്ഷമല്ലെന്നു അറിയാവുന്ന വൃക്ഷങ്ങളെ മാത്രം വെട്ടിക്കളയുക "

- **സങ്കീർത്തനങ്ങൾ 24:1**

" ഭൂമിയും അതിലെ പരിപൂർണ്ണതയും ഭൂതലവും അതിലെ നിവാസികളും കർത്താവിന്നുള്ളതാകുന്നു"

- **വെളിപ്പാട് 11:18**

" മരിച്ചവരെ വിധിപ്പാനും, നിന്റെ ദാസരായ പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും നിന്റെ തിരുനാമഭക്തരായ വലിയവർക്കും ചെറിയവർക്കും പ്രതിഫലം കൊടുക്കുവാനും, ഭൂമിയെ നശിപ്പിച്ചവരെ നശിപ്പാനും, ഉള്ള കാലവും വന്നു "

- **ആദ്യ പുസ്തകം 2;15**

"ദൈവമായ കർത്താവ് ആദാമിനെ കൂട്ടിക്കൊണ്ടുപോയി, തോട്ടത്തിൽ വേല ചെയ്യുവാനും അതിനെ സൂക്ഷിക്കുവാനുമായി തോട്ടത്തിൽ ആക്കി".

| Category | Date of Birth | Time | Total Marks |
|---|---|---|---|
| Plus One, Plus Two | For Regular Students only | 5 Minutes | 100 |

| Scoring Indicators | Marks | Scoring Indicators | Marks |
|---|---|---|---|
| ആമുഖം | 5 | ഭാഷാശുദ്ധി | 10 |
| സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ് | 10 | ധാരാവാഹിതം Fluency | 10 |
| ആശയസ്ഫുടത | 40 | സന്ദർഭോചിതമായ ശബ്ദ നിയന്ത്രണം | 10 |
| അക്ഷരസ്ഫുടത | 10 | ഉപസംഹാരം | 5 |

കുട്ടികളുടെ സർഗ്ഗാത്മ കഴിവുകൾ പരിപോഷിപ്പിക്കുവാനുള്ള മികച്ച വേദിയാണ് കലോത്സവം. ഒരു പ്രസംഗം ആരും എഴുതി തരുവാനില്ല/ ലഭിക്കാനില്ല എന്ന കാരണത്താൽ ഒരു വിദ്യാർത്ഥിക്കും അവസരം നഷ്ടമാകരുത് എന്ന ചിന്തയിലാണ് ഈ ആശയം ക്രമീകരിച്ചത്.

പ്ലസ് 1, പ്ലസ് 2 വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി തയ്യാറാക്കിയ **റവ.ഫാ.കെ.കെ.തോമസ് കറുകപ്പടിയിൽ, റവ.ഫാ.കുര്യൻ മാത്യു വടക്കേപ്പറമ്പിൽ** എന്നീ വൈദീകരോടുള്ള നന്ദി ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി അറിയിക്കുന്നു. കുട്ടികൾ ഇവിടെ നൽകിയിട്ടുള്ള രണ്ട് മാതൃക പ്രസംഗങ്ങളും വായിച്ച്, ആശയം നഷ്ടപ്പെടാതെ അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ ഈ PDF ൽ നൽകിയിട്ടുള്ള വി.ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കേണ്ടതാണ്. അതു വഴി ഒരേ മാതൃകയിൽ ഏവരും പ്രസംഗിക്കുന്നതും ഒഴിവാക്കാം. **Scoring Indicators** കൂടി മനസിലാക്കി മികച്ച രീതിയിൽ മത്സരത്തെ സമീപിക്കുവാൻ കുട്ടികൾക്ക് സാധിക്കട്ടെ. വിജയാശംസകൾ നേരുന്നു.

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

https://mjssakottayamdiocese.com/kalolsavam

**2025 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ**

## A. ആരാധനാഗീതം മലയാളം

### ശുബ്ക്കോനോ ശുശ്രൂഷ

----------------

**Song No: 20**

പാ-പം-ചെയ്തേൻ.. https://youtu.be/w5UFhbMUIQY

**Song No: 21**

സ്നേഹത്തരുവേ! നീ.. https://youtu.be/kerKj-IsIYE

**Song No: 22**

കല്പനകാപ്പാനന്യോന്യം.. https://youtu.be/2iwiCJUiYqg

**Song No: 23**

ഈശാ! നാഥാ! വരിക.. https://youtu.be/xUtoAZ39aww

### ഊശാന പെരുന്നാൾ

---------------

**Song No: 24**

യേറുശലേമേറുന്നോനെ.. https://youtu.be/8DWgbBojPwE?si=gsREWCZgaQolTznk

**Song No: 25**

ഉണ്ണികളാർത്തു നാഥൻ ശുദ്ധൻ.. https://youtu.be/ht32Sz4w5_w

### കാൽകഴുകൽ ശുശ്രൂഷ

---------------

**Song No: 26**

ഭയമൊടുസ്രാ- പ്പികൾ.. https://youtu.be/0a7L2Q7PLSY

**Song No: 27**

ഈറയസേവിതനുടയോനേ.. https://youtu.be/XZUpu66y-M0

**Song No: 28**

സ്നേഹത്തൊടു വിശ്വാസത്തിൻ.. https://youtu.be/CH_Mz1O_W-4

**Song No: 29**

അപ്പൊസ്തോലർ - പന്തിയിരിപ്പാൻ.. https://youtu.be/B0zf2Hdlg7Y

**Song No: 30**

ശിഷ്യരുമായെത്തി - മാളികയിൽ.. https://youtu.be/urFuv6LSCXk

ദുഃഖവെള്ളി ( വലിയ വെള്ളി )

---------------

**Song No: 31**

സീയോനിൽ - തരുവിൽ ക്രൂശേറ്റോ-നേ.._https://youtu.be/KdJ1LoDnUUo

**Song No: 32**

ദേവേശാ! - മശിഹായേ! സ്ലീബാ.._https://youtu.be/eBoY8XfhZRA

**Song No: 33**

വിശ്വാസികൾ ഞങ്ങൾ-ക്കഭയമതും..https://youtu.be/gEOvO3ViOJQ

**Song No: 34**

ദേ-വാ മശിഹാ! മാനവരേ.. https://youtu.be/TMATI7PUtCM

**Song No: 35**

ആ സമയം ദയനീ-യം..https://youtu.be/gX_Z_hN3FSs

ഉയിർപ്പ് പെരുന്നാൾ

---------------

**Song No: 36**

മോദം ഭൂസ്വർഗ്ഗങ്ങൾ.. https://youtu.be/lTPtZHZ4-Gw

പെന്തിക്കോസ്തി പെരുന്നാൾ

--------------

**Song No: 39**

സത്യമതാം-വാഗ്ദത്തം.. https://youtu.be/JVuhCTRJzIA

**Song No: 40**

റൂഹ്ക്കുദിശാ-യവരോഹം.. https://youtu.be/m7s4lhWE6Il

**Song No: 41**

ഈശാ-നാഥാ! വാരപ്പെരുന്നാളാ.. https://youtu.be/aMK7m8EYRlk

പുരുഷന്മാരുടെ ശവസംസ്ക്കാരം

--------------

**Song No: 75**

ആദമിലാ-രംഭി- ച്ചായതമായ്.._https://youtu.be/_iT1eCjWOAQ

https://youtu.be/iQISoXSy7Ns

**Song No: 76**
ന്യായാധിപ നാഥാ!.. **https://youtu.be/leBmaPTOFpM**
**Song No: 77**
ഉ-ത്ഥാനദിനേ- മൃതജനത.. **https://youtu.be/xMIHn4NoVxE**

**Song No: 78**
സോദരരേ-കൂടിൻ.. **https://youtu.be/AjnBE349xTw**

**Song No: 79**
ധന്യൻമശിഹാ! വാക്കാൽ.. **https://youtu.be/XCHLSG-BTPA**

**Song No: 80**
നിൻശരണേ മൃതനാം-ദാസ.. **https://youtu.be/0hY-CsAqMEU**

## സ്ത്രീകളുടെ ശവസംസ്ക്കാരം

**--------------**
**Song No: 82**
പടുവൃദ്ധതയിൽ കാനാനിൽ.. **https://youtu.be/dFsj_07r6Xg**

**Song No: 83**
നാ-ഥാ! മൃതയാ-മീ ദാസിക്കേ.. **https://youtu.be/k2Tc-iJVAN8**

**Song No: 84**
ഇരുലോകത്തും- മേവുന്നേ.. **https://youtu.be/BVfu5gapunY**

## കുട്ടികളുടെ ശവസംസ്ക്കാരം

**---------------**
**Song No: 85**
അല്പായുസ്സിൽ കറതീ-ണ്ടാ.. **https://youtu.be/CbcEq3BMAyI**

**Song No: 86**
പ്രളയം ഭൂമിയിലുളവാകും.. **https://youtu.be/pmKvkKxVEzk**

**Song No: 87**
സ്നേഹ-ത്താലെത്തി - കുരിശാൽ.. **https://youtu.be/JA3hkymsMi0**

---

**@avinesh thandasseril, Director**

## B. ആരാധനാഗീതം സുറിയാനി

ശുബ്ക്കോനോ ശുശ്രൂഷ

--------------

**Song No: 20**

ഹ്ത്തിസ് ലോക്ക് ഫോയെൻ.. https://youtu.be/5RWWoEe_Wo4

**Song No: 21**

ഓ ഹൂബോ ക്മോ.. https://youtu.be/Z0lbvzXbzM0

**Song No: 22**

ആഹായ് നാഹേബ് ലഹ്ദോദെ.. https://youtu.be/r-dy8YGEUro

ഊശാന പെരുന്നാൾ

--------------

**Song No: 24**

ഒമറീൻ സോബേ ലത്.. https://youtu.be/IxS4kQonJ4c

കാൽകഴുകൽ ശുശ്രൂഷ

--------------

**Song No: 26**

ഹാവ് ദസ്റോഫെ ബ്ദേഹ്.. https://youtu.be/LKSuCeTdxA0

**Song No: 28**

കുൽ ഐനോ ദ്ലോ.. https://youtu.be/aSS3ViWjEo0

**Song No: 29**

എസ്ക് ഗൂദോ ദ്ശ്ലീഹൂസോ.. https://youtu.be/uJNJjU08aTE

**Song No: 30**

എത്കാനാശ് റാബോ.. https://youtu.be/uTyX_Q4avm4

ദുഃഖവെള്ളി ( വലിയ വെള്ളി )

---------------

**Song No: 31**

ഹവ് ദെ- സ്തേലേബ്.. https://youtu.be/x1FMUNfZ6-g

**Song No: 33**

ലമ്ശീഹോ ദ് എസ്തറിമം.. https://youtu.be/HKcTXID7w4M

**പുരുഷന്മാരുടെ ശവസംസ്ക്കാരം**

**--------------**

**Song No: 78**

**എസ്കാനാശ് ആഹായ്.. https://youtu.be/_Piue1GMxDA**

**സ്ത്രീകളുടെ ശവസംസ്ക്കാരം**

**--------------**

**Song No: 82**

**മീസസ് സാറോ അഖ്.. https://youtu.be/t1RgA999-Sw**

**കുട്ടികളുടെ ശവസംസ്ക്കാരം**

**--------------**

**Song No: 86**

**മെൻ ക്ദോം ദ് നെഹ്.. https://youtu.be/Av5fr-_6TDI**

**Website**

**https://www.mjssakottayamdiocese.com**

**Plz Subscribe the Channel for more videos**

**https://www.youtube.com/@MJSSAKOTTAYAMDIOCESE**

**2025 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ**

**-----------------------**

2025 ലെ കലോത്സവത്തിൽ ഉപയോഗിക്കുന്നതിനായി സിലബസ് പ്രകാരം MJSSA ക്രമീകരിച്ചു തന്ന തെരഞ്ഞെടുത്ത ആരാധനാഗീതങ്ങളാണ് ഇതൊടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഗാനങ്ങൾ ക്രമീകരിക്കുന്നതിന് വേണ്ടി നേതൃത്വം നൽകിയ MJSSA ഭാരവാഹികൾക്കും കലോത്സവ കമ്മിറ്റി അംഗങ്ങൾക്കുമുള്ള നന്ദി അറിയിക്കുന്നു. ഈ വർഷത്തെ കലോത്സവ ഗാനങ്ങൾ ഏവരിലേക്കും എത്തിച്ച് പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ശ്രമകരമായ ഈ ലിങ്കും യൂട്യൂബ് വീഡിയോകളും പൂർത്തിയാക്കിയിരിക്കുന്നത്. പരമാവധി കുട്ടികൾ പാട്ടുകൾ ശരിയായ വിധത്തിൽ പഠിച്ച് കലോത്സവത്തിലും മുന്നോട്ടുള്ള ജീവിതത്തിലും ഉപയോഗപ്രദമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്...

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ
**9061200790**

https://mjssakottayamdiocese.com/kalolsavam



AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

KOTTAYAM
10.06.2025